**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 329** **07-10-2024 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ ബസ്സ്റ്റാന്റുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച കോട്ടക്കൽ ബസ് സ്റ്റാന്റ് നവീകരണ പ്രവൃത്തിയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | കോട്ടക്കൽ നഗരസഭ ബസ് സ്റ്റാന്റ് നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടതല്ല. |
| (ബി) | കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ബസ് സ്റ്റാന്റ് നവീകരണം സംബന്ധിച്ച പ്രൊപ്പോസലിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതി 2023-24 ൽ ഉൾപ്പെടുത്തിയിട്ടുള്ള കുറ്റിപ്പുറം ബസ് സ്റ്റാന്റ് നവീകരണം പദ്ധതിയുടെ DPR തയ്യാറാക്കുന്നതിന് വേണ്ടി ഊരാലുങ്കൽ ലേബർ സൊസൈറ്റിയെ ആണ് ഏൽപ്പിച്ചിരിക്കുന്നത്. ആയത് ലഭ്യമാകുന്ന മുറക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ